## അച്ചൻകോവിൽ ഡിവിഷൻ

### ഇ - ദർഘാസ് പരസ്യം

നമ്പർ എ1-1650/2024

23 നവംബർ 2024

അച്ചൻകോവിൽ ഡിവിഷന്റെ അധികാര പരിധിയിൽ വരുന്ന അച്ചൻകോവിൽ റെയിഞ്ചിലെ ചുവടെ ചേർത്തിട്ടുള്ള പട്ടികയിൽ വിവരിക്കുന്ന ഫോറസ്ട്രി ജോലികൾ പൂർത്തിയാക്കുന്നതിനുവേണ്ടി **G.O.(MS) No.26/2017/F&WLD dated 20.05.2017, G.O.(Rt) No.141/2021/F&WLD dated 06.05.2021** എന്നീ ഉത്തരവുകൾ പ്രകാരം വനം വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള യോഗ്യരായ കോൺട്രാക്ടർമാരിൽ നിന്നും ബഹു.കേരള ഗവർണ്ണർക്കുവേണ്ടി അച്ചൻകോവിൽ ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ ദർഘാസുകൾ Online - മുഖേന ക്ഷണിക്കുന്നു.

ദർഘാസുകാർ വനംവകുപ്പിൽ നിലവിലുള്ളതും ഇതുമായി ബന്ധപ്പെട്ട് സർക്കാർ ഭാവിയിൽ പ്രാബല്യത്തിൽ കൊണ്ടു വരുന്നതുമായ എല്ലാ നിബന്ധനകളും വ്യവസ്ഥകളും ഇതര മാനദണ്ഡങ്ങളും പാലിക്കാൻ ബാദ്ധ്യസ്ഥരാണ്. ഇ-ദർഘാസ് പ്രമാണങ്ങളും, ഇ-ദർഘാസ് ഷെഡ്യൂളുകളും www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഇ-ദർഘാസിനോടൊപ്പം സമർപ്പിക്കുന്നതിനുള്ള നിരതദ്രവ്യം, ദർഘാസ് പ്രമാണവില എന്നിവ SBI-യുടെ ഇന്റർനെറ്റ് ഓൺലൈൻ ബാങ്കിംഗ് വഴിയോ മറ്റു ബാങ്കുകളുടെ കാര്യത്തിൽ NEFT വഴിയോ ഇ-ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. NEFT വഴി ഇ-പെയ്മെന്റ് നടത്തുന്ന ദർഘാസുകാർ ദർഘാസ് സമർപ്പിക്കുന്നതിന് മുൻപ് കുറഞ്ഞത് 72 മണിക്കൂർ മുൻപെങ്കിലും ദർഘാസ് ഫോറത്തിന്റെ വിലയും ഇ.എം.ഡി-യും e-procurement system-ൽ എത്തിച്ചേർന്നതായി ഉറപ്പുവരുത്തേതാണ്.

എല്ലാ ഇ-ദർഘാസ് പ്രമാണങ്ങളും www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ കാണിച്ചിരിക്കുന്ന ഓൺലൈൻ കവറുകളിൽ ഓൺലൈനായി മാത്രമേ സ്വീകരിക്കുകയുള്ളൂ. നിശ്ചിത സമയപരിധിക്കുശേഷം ലഭിക്കുന്ന ദർഘാസുകളും സ്വീകരിക്കുന്നതല്ല.

### പട്ടിക

| ക്രമ നമ്പർ | ദർഘാസ് നമ്പർ | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക (രൂപ) | നിരത ദ്രവ്യം (രൂപ) | ദർഘാസ് ഫോറത്തിന്റെ വില (18% ജി.എസ്.ടി ഉൾപ്പെടെ) (രൂപ) | കരാർ കാലാവധിയും, കരാറുകാരുടെ യോഗ്യതയും |
|---|---|---|---|---|---|---|
| 1 | 14/24-25 (എ1-1650/24) | അച്ചൻകോവിൽ റെയിഞ്ചിലെ കുംഭാവുരുട്ടി ഫോറസ്റ്റ് സ്റ്റേഷന്റെ അധികാര പരിധിയിൽ വരുന്ന കോട്ടവാസൽ മുതൽ ജണ്ടപ്പാറ-തൂവൽമല വരെയുള്ള (6 കി.മീ) ട്രെക്ക് പാത്തിന്റെ അറ്റകുറ്റപണികൾ 2024-25 കാലയളവിൽ നിർവ്വഹിക്കൽ. | 60,800 | 1,600 | 525/- രൂപ + 18% ജി.എസ്.ടി 95/- രൂപ ആകെ = 620/- **രൂപ** | ഉടമ്പടി തീയതി മുതൽ 1 മാസം വരെ |

| | | | | | | |
|---|---|---|---|---|---|---|
| 2 | 15/24-25 (എ1-1654/24) | അച്ചൻകോവിൽ റെയിഞ്ചിലെ കുംഭാവുരുട്ടി ഫോറസ്റ്റ് സ്റ്റേഷന്റെ അധികാര പരിധി യിൽ വരുന്ന മെത്ത് മുതൽ ജണ്ടാപ്പാറ വരെയുള്ള (12 കി.മീ) ട്രെക്ക് പാത്തിന്റെ അറ്റ കുറ്റപണികൾ 2024-25 കാലയ ളവിൽ നിർവ്വഹിക്കൽ. | 1,21,500 | 3,100 | 525/- രൂപ + 18% ജി.എസ്.ടി 95/- രൂപ ആകെ = 620/- **രൂപ** | ഉടമ്പടി തീയതി മുതൽ 1 മാസം വരെ |

| | |
|---|---|
| ഇ-ദർഘാസ് പ്രമാണങ്ങളുടെ വിൽപ്പന | www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും download ചെയ്യാവുന്നതാണ് |
| ഇ-ദർഘാസ് ഫോറം വെബ്സൈറ്റിൽ ലഭ്യമാകുന്ന തീയതിയും സമയവും | 28.11.2024 രാവിലെ 10.00 മണി മുതൽ |
| ഇ-ദർഘാസ് വെബ്സൈറ്റിൽ സമർപ്പിക്കുന്ന അവസാന തീയതിയും സമയവും | 05.12.2024 വൈകുന്നേരം 5.00 മണി വരെ |
| ഇ-ദർഘാസ് തുറക്കുന്ന സ്ഥലവും തീയതിയും സമയവും | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, അച്ചൻകോവിൽ, 07.12.2024 രാവിലെ 11.00 മണിക്ക്. |
| കരാറുകാരുടെ യോഗ്യത | ഡി-ക്ലാസ്സും അതിലുപരിയും |
| കരാർ കാലാവധി | പട്ടികയിൽ പറഞ്ഞിരിക്കും പ്രകാരം |

**ഏതെങ്കിലും കാരണവശാൽ 05.12.2024-ലെ ഇ-ദർഘാസ് നടക്കാതെ വന്നാലോ, ദർഘാസിൽ ആരും പങ്കെടുക്കാത്ത സാഹചര്യത്തിലോ, ചുവടെ ചേർക്കുന്ന പട്ടിക പ്രകാരം പുനർ ഇ-ദർഘാസ് നടത്തുന്നതാണ്.**

**പട്ടിക**

| | |
|---|---|
| ഇ-ദർഘാസ് ഫോറം വെബ്സൈറ്റിൽ ലഭ്യമാകുന്ന പകരം തീയതിയും സമയവും | 09.12.2024 രാവിലെ 10.00 മണി മുതൽ |
| ഇ-ദർഘാസ് വെബ്സൈറ്റിൽ സമർപ്പിക്കുന്ന അവസാന തീയതിയും സമയവും | 16.12.2024 വൈകുന്നേരം 5.00 മണി വരെ |
| ഇ-ദർഘാസ് തുറക്കുന്ന സ്ഥലവും തീയതിയും സമയവും | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, അച്ചൻകോവിൽ, 18.12.2024 രാവിലെ 11.00 മണിക്ക്. |

**ദർഘാസിനോടൊപ്പം 200/-രൂപയുടെ മുദ്രപത്രത്തിൽ ഒപ്പിട്ട പ്രിലിമിനറി എഗ്രിമെന്റ്, ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ്, റിക്വിസിഷൻ ഫോർ ഇ-പേയ്മെന്റ്, ക്ലോസ് റ്റു ബി ഇൻക്ലൂഡഡ് ഇൻ ദി പവർ ഓഫ് അറ്റോർണി, സാക്ഷ്യപത്രം, ദർഘാസ് ഡോക്കുമെന്റ് എന്നിവ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.** ഇ-ടെണ്ടറുമായി ബന്ധപ്പെട്ട മറ്റു വിവരങ്ങൾ NIC-ൽ നിന്നോ, www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ പറഞ്ഞിരിക്കുന്ന e-tenders help desk-ൽ നിന്നോ ഈ ഓഫീസിൽ നിന്നോ ഓഫീസ് സമയത്ത് അറിയാവുന്നതാണ്. ഇ-പേയ്മെന്റിന് ആവശ്യമായ വിവരങ്ങൾ (കരാറുകാരൻ ഇടപാടു നടത്തുന്ന കോർ ബാങ്കിംഗ് സൗകര്യമുള്ള ബാങ്ക് അക്കൗണ്ടിന്റെ വിശദവിവരങ്ങളും, ഇ-മെയിൽ അഡ്രസ്സും) ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഈ വിവരങ്ങൾ ഉൾപ്പെടുത്താത്ത ദർഘാസുകൾ നിരസിക്കുന്നതാണ്. കരാറുകാരൻ വിവരങ്ങൾ അപ്ലോഡു ചെയ്യുന്നതിനും മറ്റുമുണ്ടാകുന്ന അസൗകര്യങ്ങൾക്കും നഷ്ടത്തിനും വനംവകുപ്പ് ഉത്തരവാദി ആയിരിക്കുന്നതല്ല.

നിലവിലുള്ള എല്ലാ ദർഘാസ് വ്യവസ്ഥകളും ടി ഇ-ദർഘാസിനും ബാധകമായിരിക്കും. പ്രസ്തുത ദർഘാസിലെ ഏതൊരു പ്രവൃത്തിയും മുന്നറിയിപ്പു കൂടാതെ റദ്ദ് ചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന അധികാരിയിലും മേലധികാരിയിലും നിക്ഷിപ്തമായിട്ടുള്ളതാകുന്നു.

വിജയിയാകുന്ന ദർഘാസുകാരൻ കരാർ തുകയുടെ 0.1 ശതമാനം രൂപയുടെ (ഏറ്റവും കുറഞ്ഞത് 500/- രൂപ) മുദ്രപത്രത്തിൽ ദർഘാസ് അംഗീകരിച്ച അറിയിപ്പ് തീയതി മുതൽ 10 ദിവസത്തിനുള്ളിൽ കരാർ തുകയുടെ 5 ശതമാനമോ 5,00,000/- രൂപയോ ഏതാണോ കുറവ് ആ തുകയ്ക്കുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് സഹിതം കരാർ ഒപ്പ് വയ്ക്കേണ്ടതാണ്. ടെണ്ടർ തുറക്കുന്ന ദിവസം ഏതെങ്കിലും കാരണവശാൽ അവധിയായി പ്രഖ്യാപിക്കുന്നപക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം അതേ സമയത്തും, സ്ഥലത്തും വച്ച് ഇ-ദർഘാസ് തുറക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ അച്ചൻകോവിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയത്തിൽ നിന്നോ, ബന്ധപ്പെട്ട റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയത്തിൽ നിന്നോ പ്രവൃത്തി ദിവസങ്ങളിൽ അറിയാവുന്നതാണ്.

**നിബന്ധനകൾ**

1. ജി.ഒ (എം.എസ്സ്)-26/2017/വനം-വന്യജീവി വകുപ്പ് തീയതി 20.05.2017, ജി.ഒ (ആർ.റ്റി)-141/2021/വനം-വന്യജീവി വകുപ്പ് തീയതി 06.05.2021 എന്നീ സർക്കാർ ഉത്തരവുകളിലെ എല്ലാ വ്യവസ്ഥകൾക്കും വനം വകുപ്പിൽ നിലവിലുള്ള ദർഘാസിനെ സംബന്ധിച്ച ഉത്തരവുകളിലെ വ്യവസ്ഥകൾക്കും കേരള ഫോറസ്റ്റ് ആക്ട് 1961, വന്യജീവി സംരക്ഷണ ഭേദഗതി നിയമം 2022-ലെ വ്യവസ്ഥകൾക്കും ദർഘാസുകാരൻ വിധേയനായിരിക്കുന്നതാണ്. വനം - വന്യജീവി വകുപ്പിൽ വിവിധ ദർഘാസുകൾ സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകൾക്കും ഇതര നിബന്ധനകൾക്കും പുറമെ ദർഘാസ് ജോലികളുമായി ബന്ധപ്പെട്ട് വനം - വന്യജീവി വകുപ്പോ സർക്കാരോ ഭാവിയിൽ പുറപ്പെടുവിക്കുന്ന വ്യവസ്ഥകളും നിബന്ധനകളും ഈ ദർഘാസിനും ബാധകമായിരിക്കുന്നതാണ്.

2. ദർഘാസുകാർ ദർഘാസ് ഫോറത്തിന്റെ വിലയും നിരതദ്രവ്യവും ഇ-പ്രൊക്യൂർമെന്റ് സിസ്റ്റത്തിൽ ഓൺലൈനായി ഒടുക്കുന്നതിനുള്ള സംവിധാനം ഉപയോഗിച്ച് ചെയ്യേണ്ടതാണ്. പണം ഒടുക്കുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഇന്റർനെറ്റ് ഓൺലൈൻ ബാങ്കിംഗ് സംവിധാനമോ മറ്റു ബാങ്കുകളുടെ NEFT മാർഗ്ഗമോ ഉപയോഗിക്കേതാണ്. ഓൺലൈൻയായി തുക ഒടുക്കുന്നതിന് NEFT സംവിധാനം ഉപയോഗിക്കുന്നവർ ദർഘാസ് അവസാനിക്കുന്ന സമയത്തിന്റെ 72 മണിക്കൂർ മുമ്പെങ്കിലും ഈ സംവിധാനം ഉപയോഗിക്കേണ്ടതും ടെണ്ടർ ഫോറത്തിന്റെ വിലയും നിരതദ്രവ്യവും അടച്ചതിന്റെ സ്ഥിരീകരണം ഈ -പ്രൊക്യൂർമെന്റ് സിസ്റ്ററ്റത്തിൽ ലഭിച്ചുവെന്ന് ഉറപ്പാക്കേണ്ടതുമാണ്. NEFT വഴിയുള്ള പണമിടപാട് നടത്തുന്നതിന് ഈ-പ്രൊക്യൂർമെന്റ് സിസ്റ്റം നൽകുന്ന ഓൺലൈൻ NEFT റെമിറ്റൻസ് ഫോറം പണം ഒടുക്കിയതിന്റെ സ്ഥിരീകരണമായി പരിഗണിക്കുന്നതല്ല. NIC/SBI എന്നിവ വഴി പണം ഒടുക്കിയത് സ്ഥിരീകരിക്കുന്നതിനുണ്ടാകുന്ന ഒരുതരത്തിലുള്ള കാലതാമസത്തിനും കേരളാ വനംവകുപ്പ് ഉത്തരവാദിയായിരിക്കുന്നതല്ല.

3. ദർഘാസുകാർ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് 200/- രൂപയുടെ കേരളാ സർക്കാർ മുദ്രപത്രത്തിൽ തയ്യാറാക്കിയ പ്രാഥമിക കരാർ, ഓൺലൈൻ ഇ-പേയ്മെന്റിനായി ശരിയായി പൂരിപ്പിച്ച പ്രൊഫോർമ, സാക്ഷ്യപത്രം എന്നിവയുടെ സ്കാൻ ചെയ്ത പകർപ്പ് സമർപ്പിക്കേണ്ടതാണ്. തുടർന്ന് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, പ്രാഥമിക കരാറിന്റെ അസ്സൽ ദർഘാസ് എന്നിവ സീൽ ചെയ്ത കവറിലാക്കി ജോലിയുടെ പേരും ടെണ്ടർ നമ്പറും കവറിനു മുകളിൽ രേഖപ്പെടുത്തി നിശ്ചിത സമയപരിധിക്കകം അച്ചൻകോവിൽ ഡിവിഷണൽ ഫോറസ്റ്റാഫീസർക്ക് സ്പീഡ് പോസ്റ്റോ അഥവാ രജിസ്ട്രേഡ് പോസ്റ്റോ വഴി സമർപ്പിക്കേതാണ്. ഇതിന് വീഴ്ച വരുത്തുന്നവരുടെ ദർഘാസുകൾ റദ്ദാക്കുന്നതാണ്.

4. യാതൊരു കാരണവും പറയാതെ ദർഘാസിലെ വിവരങ്ങൾ ഭേദഗതി ചെയ്യുന്നതിനോ എല്ലാ ദർഘാസുകളോ ഏതെങ്കിലും പ്രത്യേക പ്രവൃത്തിയോ റദ്ദുചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം ദർഘാസ് അംഗീകരിക്കുന്ന ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും. ദർഘാസുകാരന് ഏതെങ്കിലും ഡേറ്റ ലഭിക്കാതിരിക്കുകയോ ഡൗൺലോഡ് ചെയ്യുമ്പോൾ ഏതെങ്കിലും Scheduled രേഖകൾ നഷ്ടപ്പെടുകയോ ചെയ്യുന്നതുവഴിയുണ്ടാകുന്ന പിശകുകൾക്ക് കേരളാ വനംവകുപ്പ് ഉത്തരവാദിയായിരിക്കുന്നതല്ല.

5. ഇതുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ NIC-യിൽ നിന്നോ www.etender.kerala.gov.in എന്ന വെബ്സൈറ്റിലെ e-tender help desk-ൽ നിന്നോ ഈ ഓഫീസിൽ നിന്നോ ഓഫീസ് പ്രവർത്തന സമയത്ത് ലഭ്യമാകുന്നതാണ്. ദർഘാസുകാരൻ ഇ-പേയ്മെന്റിന്റെ വിശദാംശങ്ങൾ (കോർ ബാങ്കിംഗ് സൗകര്യമുളളപ്പോൾ ദർഘാസുകാരന്റെ ബാങ്ക് അക്കൗണ്ട് നമ്പരും, ഈ-മെയിൽ വിലാസവും) ദർഘാസിനൊപ്പം സമർപ്പിക്കേണ്ടതാണ്. ഈ വിവരങ്ങളില്ലാതെ സമർപ്പിക്കുന്ന ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല.

6. ദർഘാസുകാരന് ദർഘാസ് അപ്ലോഡ് ചെയ്യുകയോ ഡൗൺലോഡ് ചെയ്യുകയോ ചെയ്യുന്നത് വഴിയുണ്ടാകുന്ന ഏതെങ്കിലും അസൗകര്യത്തിനോ നഷ്ടത്തിനോ കേരളാ വനംവകുപ്പ് ഉത്തരവാദിയാകുന്നതല്ല.

7. ടെണ്ടർ സമർപ്പിക്കുന്നതിന് മുമ്പായി, ഒപ്പിടേണ്ട എഗ്രിമെന്റിലെ വ്യവസ്ഥകൾ മനസ്സിലാക്കിയിരിക്കേതാണ്. എഗ്രിമെന്റിന്റെ കരട് ഈ ആഫീസിൽ നിന്നും ലഭ്യമാകുന്നതാണ്. ദർഘാസ് വ്യവസ്ഥകളും മനസ്സിലാക്കിയിരിക്കേതാണ്. പൂരിപ്പിച്ച ദർഘാസ് സമർപ്പിച്ചശേഷം എഗ്രിമെന്റ് വ്യവസ്ഥകൾ മനസ്സിലാക്കിയിരുന്നില്ല എന്ന വാദമോ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും പരാതികളോ പരിഗണിക്കുന്നതല്ല.

8. ദർഘാസ് സമർപ്പിക്കുന്നതിന് മുമ്പായി ജോലി നടത്തേണ്ടസ്ഥലവും, ജോലിയുടെ സ്വഭാവവും പരിശോധിച്ച് മനസ്സിലാക്കുകയും ആയതിനനുസരിച്ച് നിരക്ക് രേഖപ്പെടുത്തേണ്ടതുമാണ്. അതിനുശേഷം ഒരു കാരണവശാലും നിരക്ക് വർദ്ധിപ്പിക്കുന്നതല്ല.

9. നിശ്ചിത തീയതിക്കും സമയത്തും ലഭിക്കാത്ത അപേക്ഷകളും ആവശ്യമായ രേഖകൾ ഉൾപ്പെടുത്താത്തതോ, നിശ്ചിത ഫോറത്തിലും നിശ്ചിത ക്രമത്തിലും എഴുതാത്തതോ ആയ ദർഘാസുകൾ പരിഗണിക്കുന്നതല്ല.

10. ദർഘാസിൽ എന്തെങ്കിലും തിരുത്തലുകൾ വരുത്തിയിട്ടുണ്ടെങ്കിൽ ആയത് ദർഘാസുകാരൻ തന്നെ ഇനിഷ്യൽ ചെയ്തിരിക്കേതാണ്.

11. ലഭിച്ചിട്ടുള്ള ദർഘാസുകൾ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ആളോ ദർഘാസ് ദിവസം പകൽ 11.00-മണിക്ക് അദ്ദേഹത്തിന്റെ ഓഫീസിൽ വച്ച് ഹാജരായിട്ടുള്ള ദർഘാസുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്.

12. സാധാരണഗതിയിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള ദർഘാസ് സ്വീകരിക്കുന്നതായിരിക്കും. പക്ഷേ തീരുമാനമെടുക്കാൻ അധികാരമുള്ള ഉദ്യോഗസ്ഥന് ഒരു കാരണവും പറയാതെ തന്നെ ദർഘാസ് സ്വീകരിക്കുവാനോ നിരസിക്കുവാനോ അധികാരം ഉണ്ടായിരിക്കും.

13. ആരുടെ ദർഘാസാണോ സ്വീകരിച്ചിട്ടുള്ളത്, ആ വിവരം വ്യക്തിയെ ദർഘാസിൽ കൊടുത്തിരിക്കുന്ന വിലാസത്തിൽ രജിസ്ട്രേഡ് കത്ത് മുഖാന്തിരമോ ഇ-മെയിൽ മുഖേനയോ അറിയിക്കുന്നതാണ്. വിജയിയായ ദർഘാസുകാരൻ 10 ദിവസത്തിനകം ടിയാന്റെ ചെലവിൽ വാങ്ങിയിട്ടുള്ള മുദ്രപത്രത്തിൽ ഒരു ഉടമ്പടി ഒപ്പു വയ്ക്കേതാണ്. ദർഘാസുകാരൻ ഉടമ്പടി ഒപ്പു വയ്ക്കുന്നതിൽ പരാജയപ്പെട്ടാൽ ദർഘാസ് റദ്ദാക്കുന്നതും ടിയാൻ കെട്ടിവച്ചിട്ടുള്ള നിരതദ്രവ്യം വനംവകുപ്പിലേയ്ക്ക് കണ്ടുകെട്ടുന്നതുമാണ്. തുടർന്ന് ജോലികൾ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ തൊട്ടടുത്ത നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള കരാറുകാരനെക്കൊണ്ട് ചെയ്യിക്കുന്നതുൾപ്പെടെയുള്ള മറ്റ് മാർഗ്ഗങ്ങളിൽകൂടി നടത്തുന്നതാണ്. ഇതിൽ വച്ച് സർക്കാരിന് എന്തെങ്കിലും നഷ്ടം ഉണ്ടാകുന്ന പക്ഷം ആയത് ആദ്യ ദർഘാസുകാരൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അനുവദിക്കുന്ന ന്യായമായ സമയത്തിനുള്ളിൽ ഒടുക്കിയില്ലായെങ്കിൽ ആയത് പൊതുമുതലിനുള്ള കുടിശ്ശികയായി കണക്കാക്കുന്നതും ആയത് 1968-ലെ കേരള റവന്യൂ റിക്കവറി ആക്ടിലെ വ്യവസ്ഥകൾ പ്രകാരമോ, സർക്കാരിന് യുക്തമെന്ന് തോന്നുന്ന മാർഗ്ഗങ്ങളിലൂടെയോ ഈടാക്കുന്നതാണ്. സർക്കാരിന് എന്തെങ്കിലും നേട്ടമുണ്ടാകുന്നപക്ഷം അതിൽ വീഴ്ചക്കാരന് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല.

14. വിജയിയാകുന്ന ദർഘാസുകാരൻ ഉടമ്പടി ഒപ്പു വയ്ക്കുന്ന സമയത്ത് കോൺട്രാക്ട് തുകയുടെ 5% രൂപ സെക്യൂരിറ്റിയായി ഒടുക്കേതാണ്. ജോലി പൂർത്തിയാക്കി, ബന്ധപ്പെട്ട ഓഫീസറിൽ നിന്നും ലഭ്യമാകുന്ന ബാദ്ധ്യതാ രഹിത സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് മാത്രമേ സെക്യൂരിറ്റി വിടുതൽ ചെയ്യുകയുള്ളൂ.

15. വിജയിയാകുന്ന ദർഘാസുകാരൻ ഉടമ്പടി ഒപ്പു വയ്ക്കുന്ന സമയത്ത് സോൾവൻസി സർട്ടിഫിക്കറ്റിൽ ഉൾപ്പെട്ടിട്ടുള്ള വസ്തുവകകൾ വിൽക്കുകയോ, പണയം വയ്ക്കുകയോ കൈമാറ്റം ചെയ്യുകയോ ചെയ്യില്ലെന്ന് ഒരു സമ്മതപത്രം നൽകേണ്ടതാണ്.

16. ദർഘാസ് ലഭിച്ചതിനുശേഷം ഒരു ജോലിയെ സംബന്ധിക്കുന്ന പോസ്റ്റ് ഓഫറുകളോ, പരാതികളോ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

17. ദർഘാസിൽ പങ്കെടുത്തിട്ടുള്ള വിജയികളാകാത്ത ദർഘാസുകാരുടെ നിരതദ്രവ്യം ടെണ്ടർ നടപടികൾ അവസാനിക്കുന്ന മുറയ്ക്ക് തിരികെ നൽകുന്നതാണ്.

18. ദർഘാസിനോടൊപ്പമുള്ള ഷെഡ്യൂളിൽ പറയുന്ന അളവുകൾ ഏകദേശമായിരിക്കും. ജോലികൾ ചെയ്തു വരുമ്പോൾ അളവുകളിൽ വ്യത്യാസം വരാവുന്നതാണ്.

19. ദർഘാസ് ഷെഡ്യൂളിൽ കാണിച്ചിട്ടുള്ള സ്ഥല വിസ്തൃതി ഏകദേശം മാത്രമാണ്. ദർഘാസ്കാരൻ സർവ്വേപ്രകാരമുള്ള യഥാർത്ഥ വിസ്തൃതിക്ക് ജോലി ചെയ്യാൻ ബാധ്യസ്ഥനാണ്.

20. ജോലി പൂർത്തിയാക്കി നിശ്ചിത ഫോറത്തിലുള്ള ബില്ല് തയ്യാറാക്കി സമർപ്പിക്കുന്ന മുറയ്ക്ക് ജോലി നിർവ്വഹണം തൃപ്തികരമെങ്കിൽ താഴെപ്പറയുന്ന പ്രകാരം ബിൽതുക മാറി നൽകുന്നതാണ്. തുക നൽകുന്നത് ഇ-പെയ്മെന്റ് വഴിയായിരിക്കും.

21. താഴെപ്പറയും പ്രകാരമായിരിക്കും ടി ജോലികളുടെ കോൺട്രാക്ടർക്ക് തുക മാറി നൽകുന്നത്.

    പ്രസ്തുത ജോലികൾ നിർദ്ദിഷ്ഠ ഗുണനിലവാരത്തോടും ബന്ധപ്പെട്ട മാനദണ്ഡങ്ങളോടും കൂടി പൂർത്തിയാക്കുന്ന പക്ഷം 100% തുകയും കരാറുകാരന് അനുവദിച്ച് നൽകുന്നതാണ്.

22. ദർഘാസ് ഷെഡ്യൂളിൽ കാണിച്ചിരിക്കുന്ന ജോലികളുടെ അളവിൽ സ്ഥലത്തിന്റെ പ്രത്യേകത അനുസരിച്ച് കുറവ് വരുത്താനോ ജോലി ക്യാൻസൽ ചെയ്യാനോ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അധികാരമുണ്ടായിരിക്കും. ആയത് വിജയിയായ ദർഘാസുകാരന് ബാധകമായിരിക്കും. ദർഘാസ് ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഏതെങ്കിലും ഐറ്റങ്ങൾ വ്യക്തമായ കാരണങ്ങളാൽ ഉൾപ്പെടുത്തേണ്ടതുണ്ടെങ്കിൽ ആ ജോലി ചെയ്യുന്നതിന് വിജയിയായ ദർഘാസുകാരൻ ബാധ്യസ്ഥനായിരിക്കും. ആയതിന് നിലവിലുള്ള ഫോറസ്റ്റ് ഷെഡ്യൂൾ റേറ്റ് പ്രകാരം കണക്കാക്കിയ നിരക്ക് മാറി നൽകുന്നതായിരിക്കും.

23. കോൺട്രാക്ടർ വാഗ്ദാനം ചെയ്തിട്ടുള്ള ടെണ്ടറുകൾ നടപ്പിലാക്കുന്നത് പ്രായോഗികമല്ലെന്ന് ബോധ്യപ്പെട്ടാൽ കോൺട്രാക്ട് സിസ്റ്റം അല്ലാത്ത മറ്റ് മാർഗ്ഗങ്ങളിലൂടെ നടപ്പിലാക്കുന്നതിനുള്ള അവകാശം കേരള വനം വകുപ്പിൽ നിക്ഷിപ്തമായിരിക്കും.

24. ഇ-ദർഘാസ് നടത്തുന്ന സമയത്ത് നിലവിലുള്ള എല്ലാ നികുതികളും ടി ഇ-ദർഘാസിനും ബാധകമായിരിക്കും.

25. അതോടൊപ്പം ഇ-ദർഘാസുമായി ബന്ധപ്പെട്ട് നിലവിൽ വനം വകുപ്പും സർക്കാരും പുറപ്പെടുവിച്ചിട്ടുള്ള എല്ലാ വ്യവസ്ഥകൾക്കും ഇതര നിബന്ധനകൾക്കും ബന്ധപ്പെട്ട ഉത്തരവുകൾക്കും സർക്കുലറുകൾക്കും പുറമെ ഈ വിജ്ഞാപന തീയതിക്ക് ശേഷം സർക്കാരോ വനം വകുപ്പോ മറ്റ് വകുപ്പുകളോ ഇ-ദർഘാസുമായി ബന്ധപ്പെട്ട് പുറപ്പെടുവിക്കുന്ന എല്ലാ ഉത്തരവുകളും, വ്യവസ്ഥകളും , നിബന്ധനകളും ഈ ഇ-ദർഘാസിനും ബാധകമായിരിക്കുന്നതാണ്.

26. ഇ-ദർഘാസുമായി ബന്ധപ്പെട്ട ഉടമ്പടി നിബന്ധനകൾ ചുവടെ ചേർക്കുന്നു.

കൂടുതൽ വിവരങ്ങൾ അച്ചൻകോവിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ നിന്നോ (ഫോൺ 0475-2342315), അച്ചൻകോവിൽ റെയിഞ്ച് ഫോറസ്റ്റാഫീസിൽ നിന്നോ (ഫോൺ 8547600500) പ്രവൃത്തി ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്.

അനീഷ്. എസ്
ഡിവിഷണൽ ഫോറസ്റ്റാഫീസർ
അച്ചൻകോവിൽ
(ബഹു.കേരള ഗവർണ്ണർക്കുവേണ്ടി)

അച്ചൻകോവിൽ
23.11.2024